കണ്ണൂർ ജില്ലയിലെ ക്ഷേത്രങ്ങൾക്കുള്ള പുനരുദ്ധാരണ ധനസഹായം

254 (2012) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കണ്ണൂർ ജില്ലയിലെ ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് പുനഃരുദ്ധാരണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് പേരും അനുവദിച്ച തുകയും സഹിതം വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ പഞ്ചായത്തിലെ ശ്രീതട്ടാരത്ത് ക്ഷേത്രസമിതി ശ്രീതട്ടാരത്ത് ക്ഷേത്ര പുനഃരുദ്ധാരണത്തിന് നൽകിയ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(സി) ശ്രീതട്ടാരത്ത് ക്ഷേത്രത്തിന്റെ പുനഃരുദ്ധാരണത്തിന് എപ്പോൾ ധനസഹായം നൽകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ധനസഹായം അനുവദിച്ച ക്ഷേത്രങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2010-11 വർഷത്തിൽ ജീർണ്ണോദ്ധാരണ ധനസഹായം അനുവദിക്കുന്നതിനായി തലശ്ശേരി ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർ മുഖേന ലഭിച്ച അപേക്ഷകളുടെ പട്ടികയിൽ നിശ്ചിത ഫോറത്തിലുള്ള ശ്രീ. തട്ടാരത്ത് ക്ഷേത്രത്തിന്റെ അപേക്ഷ ഉൾപ്പെട്ടിട്ടുണ്ടായിരുന്നില്ലെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(സി) നിശ്ചിത മാതൃകയിൽ ഉചിതമാർഗ്ഗേണ നിശ്ചിതസമയ പരിധിക്കുള്ളിൽ അടുത്ത സാമ്പത്തിക വർഷത്തെ (2011-12) ക്ഷേത്ര ജീർണ്ണോദ്ധാരണ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ ക്ഷേത്രം സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് യഥാസമയം ലഭ്യമായാൽ പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പരവൂർ പൊഴിക്കര ക്ഷേത്രത്തിന്റെ സംരക്ഷണത്തിന് നടപടി

255 (2013) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ പൊഴിക്കര ക്ഷേത്രത്തിന്റെ അറ്റകുറ്റപ്പണിക്ക് ഈ വർഷം എത്ര രൂപ അനുവദിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്ഷേത്രത്തിന്റെ പുതുക്കിപ്പണിക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകുന്നതിന് ദേവസ്വം ബോർഡ് നടപടികൾ സ്വീകരിക്കുമോ ;

(സി) പുരാതനമായ പ്രസ്തുത ക്ഷേത്രം സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊഴിക്കര ക്ഷേത്രത്തിലെ ഊട്ടുപുരയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്കായി ഒരു ലക്ഷത്തി എഴുപത്തിരണ്ടായിരം (₹ 1,72,000) രൂപയുടെ അടങ്കലിന് ബോർഡ് അനുവാദം നൽകിയിട്ടുണ്ട്.

(ബി) മുൻവർഷങ്ങളിൽ ശ്രീകോവിൽ ഗോപുരം പുനർനിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള പണികൾ ബോർഡിൽ നിന്നും ചെയ്തിട്ടുണ്ടെന്നും ആവശ്യമെങ്കിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ബോർഡ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ ശാർക്കര ദേവീക്ഷേത്രത്തിലെ സദ്യാലയത്തിന് പാത്രം വാങ്ങി നൽകുന്നത് സംബന്ധിച്ച്

256 (2014) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് ശ്രീ ശാർക്കര ദേവീക്ഷേത്രത്തിലെ സദ്യാലയത്തിന് പാത്രം വാങ്ങി നൽകുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതിനുവേണ്ടി ബോർഡ് തുക അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിഷയത്തിൽ ഇനി ആരാണ് തീരുമാനമെടുക്കേണ്ടതെന്ന് വ്യക്തമാക്കുമോ :

(ഡി) എത്രനാളിനകം പാത്രം വാങ്ങി ക്ഷേത്രത്തിന് സമർപ്പിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പാത്രം വാങ്ങുന്നതിലേക്കുള്ള ടെണ്ടർ നടപടികൾ ആറന്മുളയിലുള്ള തിരുവാഭരണം ഡെപ്യൂട്ടി കമ്മീഷണർ ഓഫീസിൽ പൂർത്തിയാക്കി, ദേവസ്വം ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) ഉണ്ട് ₹ 6,96,733-യുടെ അടങ്കൽ ബോർഡ് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) ബോർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തിരുവാഭരണം ഡെപ്യൂട്ടി കമ്മീഷണർ തീരുമാനമെടുക്കുന്നതാണ്. മേൽനടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പാത്രങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുമെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly